**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3145** **26-06-2024 - ൽ മറുപടിയ്ക്ക്**

**റോഡ് നാമകരണത്തിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ തലയോലപ്പറമ്പിൽ നിന്നും കുത്താട്ടുകുളത്തിനുപോകുന്ന റോഡിന്റെ മുത്തോലിപുരം മൃഗാശുപത്രി ജംഗ്ഷനിൽ നിന്നും 2.2 കിലോമീറ്റർ ദൂരത്തിൽ ആച്ചിക്കൽ ഭാഗത്ത് ഉദയഗിരി പള്ളിക്കു സമീപം എം.സി. റോഡിലേക്ക് ചേരുന്ന പി.ഡബ്ല്യൂ.ഡി. റോഡിന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ റോഡ് എന്ന് നാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | പ്രസ്തുത റോഡ് പുനർനാമകരണവുമായി ബന്ധപ്പെട്ട് ശ്രീ. മോൻസ് ജോസഫ് എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും, ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. ഈ വിഷയത്തിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ് വിഭാഗം) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (ബി) | പ്രസ്തുത റോഡ് പുനർനാമകരണവുമായി ബന്ധപ്പെട്ട് ശ്രീ. മോൻസ് ജോസഫ് എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും, ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. ഈ വിഷയത്തിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ട് ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | പ്രസ്തുത റോഡ് പുനർനാമകരണവുമായി ബന്ധപ്പെട്ട് ശ്രീ. മോൻസ് ജോസഫ് എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും, ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. ഈ വിഷയത്തിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

I/605727/2024

## കേരള പൊതുമരാമത്ത് വകുപ്പ്

മൊബൈൽ: 8086395025
ഫോൺ/ഫാക്സ് : 0471 2322346
ഇ-മെയിൽ: ceroads.pwd@kerala.gov.in
വെബ്സൈറ്റ് : www.pwd.kerala.gov.in

ചീഫ് എഞ്ചിനീയറുടെ കാര്യാലയം(നിരത്തുകൾ)
പബ്ലിക് ഓഫീസ് കോംപ്ലക്സ്,
പബ്ലിക് ഓഫീസ്.പി.ഒ
തിരുവനന്തപുരം (പിൻ-695 033)

നം. CEPWD/17225/2023-C4(W)-RD

തീയതി : 13-02-2024

പ്രേഷകൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

സെക്രട്ടറി

പൊതുമരാമത്തു (ജി) വകുപ്പ്

തിരുവനന്തപുരം

സർ,

വിഷയം:- പൊ.മ.വ(നിരത്തുകൾ)- മുത്തോലപുരം-ആച്ചിക്കൽ റോഡ് - പേരുമാറ്റം സംബന്ധിച്ച്

സൂചന:- 1. Govt letter number G1/447/2023/PWD dated 27-09-2023

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം കോട്ടയത്തിന്റെ 08/02/2024 തീയതിയിലെ EERD-DVKTM/1876/2023/AB6-PWD നമ്പർ കത്ത്.

***********

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തലയോലപ്പറമ്പ് - പുതുവേലി റോഡിനേയും എം. സി. റോഡിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതും തലയോലപ്പറമ്പ് പുതുവേലി റോഡിൽ മുത്തോലപുരം മൃഗാശുപത്രി ജങ്ഷനിൽ ആരംഭിച്ച് ആച്ചിക്കൽ ഭാഗത്ത് എം. സി. റോഡിൽ അവസാനിക്കുന്നതുമായ 2.2 കി.മീറ്റർ നീളമുള്ള മുത്തോലപുരം - ആച്ചിക്കൽ റോഡിന്റെ പേരു മാറ്റുന്നത് സംബന്ധിച്ചാണ് സൂചന (1) കത്തിൽ പരാമർശിച്ചിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള 2.2 കി.മീറ്റർ ദൈർഘ്യമുള്ള മുത്തോലപുരം - ആച്ചിക്കൽ റോഡ് എം. സി. റോഡിൽ വന്നു ചേരുന്ന, ആച്ചിക്കൽ ഉദയഗിരി പള്ളിയുടെ ഭാഗത്തു നിന്നു തുടങ്ങി മുത്തോലപുരം ഭാഗത്തേക്കു പോകുമ്പോഴുള്ള ജില്ലാ ബോർഡറിലെ ക്രഷർ യൂണിറ്റിന് സമീപം അവസാനിക്കുന്ന 1 കി. മീറ്റർ ഭാഗം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം കോട്ടയം ഡിവിഷന്റെ കീഴിലും ബാക്കി ഭാഗം മൂവാറ്റുപുഴ ഡിവിഷൻ പരിധിയിലുള്ള കൂത്താട്ടുകുളം സെക്ഷന്റെ കീഴിലുമാണുള്ളത്. അസറ്റ് പ്രകാരം മുത്തോലപുരം - ആച്ചിക്കൽ റോഡിന് ശരാശരി 8 മീറ്റർ വീതിയും 3.8 മീറ്റർ വീതിയിൽ ക്യാരേജ് വേയുമാണുള്ളത് എന്നും ക്രഷർ യൂണിറ്റിലേയ്ക്കുള്ള ഭാരവാഹനങ്ങളുടെ നിരന്തര സഞ്ചാരം മൂലം റോഡ് വളരെ മോശം സ്ഥിതിയിലും ഗതാഗതയോഗ്യമല്ലാത്തതുമാണ് എന്നും സൂചന(2) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്തു വകുപ്പ് നിരത്ത് വിഭാഗം കോട്ടയം അറിയിച്ചിട്ടുണ്ട്. മേൽ റോഡിനെ സംബന്ധിച്ച് PWD 4 U APP വഴിയും അല്ലാതെയും നിരവധി പരാതികളാണ് ലഭ്യമായിരിക്കുന്നത്. ആയതിനാൽ ടി റോഡ് RP വർക്ക് 2023-24 ൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയെങ്കിലും അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

I/605727/2024

റോഡിന്റെ മോശം സ്ഥിതി കണക്കിലെടുത്ത് പുനർ നിർമ്മാണ സാധ്യത പരിശോധിച്ചതിന് ശേഷം നാമകരണം സംബന്ധിച്ച നടപടികൾക്ക് ശുപാർശ നൽകുന്നതാവും ഉചിതം എന്നതിനാലാണ് ഇതുവരെ തീരുമാനം അറിയിക്കാതിരുന്നത് എന്ന് സൂചന (2) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് വിഭാഗം, കോട്ടയം അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത റോഡിൻ്റെ നിലവിലെ പേര് മാറ്റി മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ റോഡ് എന്ന് നാമകരണം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് ഈ കാര്യാലയത്തിന് തടസ്സങ്ങൾ ഒന്നും ഇല്ല എന്നും ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന വിവരവും അങ്ങയുടെ അറിവിലേക്കും തുടർ നടപടികളിലേക്കുമായി റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

AJITH RAMACHANDRAN
CHIEF ENGINEER

ഉള്ളടക്കം: സൂചന(2)

പകർപ്പ് :-

കേരള സർക്കാർ
പൊതുമരാമത്ത് വകുപ്പ്

"ഭരണഭാഷ - മാതൃഭാഷ"

എക്സിക്യൂട്ടീവ്എഞ്ചിനീയറുടെകാര്യാലയം
(നിരത്ത്)വിഭാഗം, കോട്ടയം - 686 001.
ഫോൺ -0481-2563212
ഇ-മെയിൽ - eeroadsktm@gmail.com

നമ്പർ EERD-DVOKTM/1876/2023/AB6 -PWD

തീയതി : 08/02/2024

പ്രേഷിതൻ

എക്സിക്യൂട്ടീവ്എഞ്ചിനീയർ.

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ,
പൊതുമരാമത്ത്വകുപ്പ് നിരത്ത്വിഭാഗം,
തിരുവനന്തപുരം.

സർ,

വിഷയം:- പൊ.മ.വ.- മുത്തോലപുരം-ആച്ചിക്കൽ റോഡ് - പേരുമാറ്റം സംബന്ധിച്ച് - സംബന്ധിച്ച്

സൂചന: - (1). അങ്ങയുടെ കാര്യാലയത്തിലെ 25.10.2023 ലെ CEPWD/17225/2023-C4(W)-RD നമ്പർ കത്ത്.

(2). അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപവിഭാഗം, കടുത്തുരുത്തിയുടെ 08.02.2024 ലെ AB2/262/11 നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തലയോലപ്പറമ്പ് - പുതുവേലി റോഡിനേയും എം. സി. റോഡിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതും തലയോലപ്പറമ്പ് - പുതുവേലി റോഡിൽ മുത്തോലപുരം മൃഗാശുപത്രി ജങ്ഷനിൽ ആരംഭിച്ച് ആച്ചിക്കൽ ഭാഗത്ത് എം. സി. റോഡിൽ അവസാനിക്കുന്നതുമായ 2.2 കി.മീറ്റർ നീളമുള്ള മുത്തോലപുരം - ആച്ചിക്കൽ റോഡിന്റെ പേരു മാറ്റുന്നത് സംബന്ധിച്ചാണ് സൂചന (1) കത്തിൽ പരാമർശിച്ചിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള 2.2 കി.മീറ്റർ ദൈർഘ്യമുള്ള മുത്തോലപുരം – ആച്ചിക്കൽ റോഡ് എം. സി. റോഡിൽ വന്നു ചേരുന്ന, ആച്ചിക്കൽ ഉദയഗിരി പള്ളിയുടെ ഭാഗത്തു നിന്നു തുടങ്ങി മുത്തോലപുരം ഭാഗത്തേക്കു പോകുമ്പോഴുള്ള ജില്ലാ ബോർഡറിലെ ക്രഷർ യൂണിറ്റിന് സമീപം അവസാനിക്കുന്ന 1 കി. മീറ്റർ ഭാഗം മാത്രമാണ് ഈ കാര്യാലയത്തിനു കീഴിലുള്ളത്. ബാക്കി ഭാഗം

മൂവാറ്റുപുഴ ഡിവിഷൻ പരിധിയിലുള്ള കൂത്താട്ടുകുളം സെക്ഷന്റെ കീഴിലാണുള്ളത്. ഈ കാര്യാലയത്തിന്റെ അസറ്റ് പ്രകാരം മുത്തോലപുരം - ആച്ചിക്കൽ റോഡ് 0/000 കി.മീ. – 1/000 കി.മീ. എന്ന പേരിൽ അറിയപ്പെടുന്ന ഈ റോഡിന് ശരാശരി 8 മീറ്റർ വീതിയും 3.8 മീറ്റർ വീതിയിൽ ക്യാരേജ് വേയുമാണുള്ളത്. ക്രഷർ യൂണിറ്റിലേയ്ക്കുള്ള ഭാരവാഹനങ്ങളുടെ നിരന്തര സഞ്ചാരം മൂലം റോഡ് വളരെ മോശം സ്ഥിതിയിലും ഗതാഗതയോഗ്യമല്ലാത്തതുമാണ്. മേൽ റോഡിനെ സംമ്പന്ധിച്ച് PWD 4 U APP വഴിയും അല്ലാതെയും നിരവധി പരാതികളാണ് ലഭ്യമായിരിക്കുന്നത്. ആയതിനാൽ ടി റോഡ് RP വർക്ക് 2023-24 ൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയെങ്കിലും അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

റോഡിന്റെ മോശം സ്ഥിതി കണക്കിലെടുത്ത് പുനർ നിർമ്മാണ സാധ്യത പരിശോധിച്ചതിന് ശേഷം നാമകരണം സംബന്ധിച്ച നടപടികൾക്ക് ശുപാർശ നൽകുന്നതാവും ഉചിതം എന്നതിനാലാണ് ഇതുവരെ തീരുമാനം അറിയിക്കാതിരുന്നത് എന്ന് സൂചന (2) പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് ഉപ വിഭാഗം, കടുത്തുരുത്തി അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത റോഡിന്റെ നിലവിലെ പേര് മാറ്റി മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ റോഡ് എന്ന് നാമകരണം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് ഈ കാര്യാലയത്തിന് തടസ്സങ്ങൾ ഒന്നും ഇല്ല എന്നും ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന വിവരവും അങ്ങയുടെ അറിവിലേക്കും തുടർ നടപടികളിലേക്കുമായി റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് എഞ്ചിനീയർ

svs